(ബി) പ്രസ്തുത മത്സരത്തിലെ വിധി നിർണ്ണയത്തിലുണ്ടായ പിശകിനെപ്പറ്റി പരാതി ലഭിച്ചിരുന്നുവോ ;

(സി) പ്രസ്തുത മത്സരത്തിൽ പങ്കെടുത്ത നെൻമാറ എൻ.എസ്.എസ് കോളേജിലെ വിദ്യാർത്ഥിനി കെ. വി. നിരഞ്ജന തുക കെട്ടിവച്ച് പരാതിപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ പരാതിയിൽ പരാമർശിച്ചിരുന്ന കാര്യങ്ങളെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ഇ) എങ്കിൽ അന്വേഷണത്തിലെ നിഗമനങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ; ഈ വിവരം പരാതിക്കാരിയെ അറിയിച്ചിരുന്നുവോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചു നല്കുന്നതാണ്.

പുതുതായി സാങ്കേതിക കോളേജുകൾ ആരംഭിക്കുന്ന നടപടി

124 (3001) ശ്രീ. ബി. വിജയകുമാർ :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. കെ. സി. ജോസഫ് :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. പി . ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയതായി സാങ്കേതികകോളേജുകൾ ആരംഭിക്കുവാൻ ഉദ്ദേശമുണ്ടോ ;

(ബി) എങ്കിൽ എവിടെയെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(സി) സ്വകാര്യ മാനേജ്മെന്റുകൾക്ക് ഈ വർഷം പുതിയ സാങ്കേതിക കോളേജുകൾ അനുവദിക്കുന്നുണ്ടോ ;

(ഡി) ഇതിനുവേണ്ടി ആരെല്ലാം അപേക്ഷിച്ചിട്ടുണ്ട് ;

(ഇ) അതിൽ ആർക്കെല്ലാം പ്രസ്തുത കോളേജുകൾ ആരംഭിക്കാൻ അനുവാദം നൽകിയെന്ന് അറിയിക്കുമോ ;

(എഫ്) ആർക്കും അനുവാദം കൊടുക്കാത്ത പക്ഷം അതിനുള്ള കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) ഉണ്ട്. സർക്കാർ അർദ്ധസർക്കാർ സഹകരണമേഖലകളിലായി താഴെപറയുന്ന സ്ഥലങ്ങളിൽ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുവാൻ ഉദ്ദേശമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ മേഖല

എറണാകുളം ജില്ല, ഇടുക്കി ജില്ല

അർദ്ധസർക്കാർ മേഖല

(ഐ. എച്ച്. ആർ. ഡി. യുടെ കീഴിൽ)

പൈനാവ്	-	ഇടുക്കി ജില്ല
പൂഞ്ഞാർ	-	കോട്ടയം ജില്ല
കരുനാഗപ്പള്ളി	-	കൊല്ലം ജില്ല
പിരപ്പൻകോട്	-	തിരുവനന്തപുരം

(സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യുക്കേഷന്റെ കീഴിൽ)

കോളേജ് ഓഫ് എഞ്ചിനീയറിംഗ് - മൂന്നാർ ഇടുക്കി ജില്ല

സഹകരണ മേഖല

തലശ്ശേരി	-	കണ്ണൂർ ജില്ല
വട്ടിയൂർക്കാവ്	-	തിരുവനന്തപുരം ജില്ല
കുണ്ടറ	-	കൊല്ലം ജില്ല
കായംകുളം	-	ആലപ്പുഴ ജില്ല
കുന്നത്തുനാട്	-	എറണാകുളം ജില്ല
മലപ്പുറം	-	മലപ്പുറം ജില്ല
ആറന്മുള	-	പത്തനംതിട്ട ജില്ല
കടുത്തുരുത്തി	-	കോട്ടയം ജില്ല
തൃക്കരിപ്പൂർ	-	കാസർകോട് ജില്ല

(സി-എഫ്) പുതിയ സാങ്കേതിക കോളേജുകൾ അനുവദിക്കുന്നത് സർക്കാർ, അർദ്ധസർക്കാർ, സഹകരണം, യൂണിവേഴ്സിറ്റി എന്നീ മേഖലകളിലായിരിക്കണമെന്നതാണ് സർക്കാർ നയം. അതിനാൽ സ്വകാര്യ മേഖലയിൽ പുതുതായി സാങ്കേതിക കോളേജുകൾ അനുവദിക്കുന്ന കാര്യം പരിഗണിച്ചിട്ടില്ല.

ഐ. എച്ച്. ആർ. ഡി. യുടെ കീഴിൽ തുടങ്ങുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ

125 (3002) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഐ. എച്ച്. ആർ. ഡി. നടത്തുന്ന എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ട്; ഈ സ്ഥാപനങ്ങൾ ഓരോന്നും എന്ന് മുതലാണ് ആരംഭിച്ചത് ; അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly